(ബി) പാഠ്യ പദ്ധതി പരിഷ്ക്കരണത്തിനായി ഏത് രീതിയിലുള്ള നടപടികളാണ് സർക്കാർ ആലോചിക്കുന്നത് ; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ & ബി) പാഠ്യപദ്ധതി സംബന്ധിച്ച തീരുമാനങ്ങൾ എടുക്കുന്നത് കരികുലം കമ്മിറ്റിയുടെ ശുപാർശകളുടെ അടിസ്ഥാനത്തിലാണ്. എസ്.സി.ഇ.ആർ.റ്റി. തയ്യാറാക്കിയ കരിക്കുലത്തിനനുസൃതമായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള പാഠപുസ്തകങ്ങളാണ് ഭാഷാ വിഷയങ്ങൾക്ക് കരുക്കുലം കമ്മിറ്റി നിശ്ചയിച്ചു നൽകിയിട്ടുള്ളത്. സി.ബി.എസ്.ഇ. സിലബസ് നിലവിലുള്ള ഓപ്ഷണൽ വിഷയങ്ങൾക്ക് പ്രസ്തുത സിലബസ്തന്നെ. ബന്ധപ്പെട്ട സബ്കമ്മറ്റി നിർദ്ദേശിച്ച മാറ്റങ്ങളോടെ നടപ്പിലാക്കിയിട്ടുണ്ട്. മറ്റ് ഓപ്ഷണൽ വിഷയങ്ങൾക്ക് എസ്.സി.ഇ.ആർ.റ്റി. നിർദ്ദേശിച്ച സിലബസ് ആണ് കരിക്കുലം കമ്മിറ്റി അംഗീകരിച്ച് നൽകിയിട്ടുള്ളത്. ഈ അക്കാഡമിക് വർഷം നടപ്പിലാക്കുന്നത് പുതുക്കിയ പാഠ്യപദ്ധതിയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ എസ്.സി.ഇ.ആർ.റ്റി. യുടെ ചുമതലയിൽ പാഠപുസ്തകങ്ങൾ തയ്യാറാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

പുതുതായി അനുവദിക്കുന്ന പ്ലസ് ടു സ്കൂളുകൾ

101 (2041) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പുതുതായി പ്ലസ്ടു സ്കൂളുകൾ ഏതൊക്കെ ജില്ലകളിൽ എത്രവീതം അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

പുതുതായി പ്ലസ് ടു സ്കൂളുകൾ അനുവദിക്കുന്നത് സംബന്ധിച്ച് വിശദാംശങ്ങൾ സർക്കാർ പരിശോധിച്ചു വരുന്നതേയുള്ളൂ. ഇത് സംബന്ധിച്ച അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

ഹയർ സെക്കണ്ടറി അദ്ധ്യാപകർക്ക് പ്രോവിഡന്റ് ഫണ്ട് ആരംഭിക്കാൻ നടപടി

102 (2042) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപകർക്ക് പ്രോവിഡന്റ് ഫണ്ട് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതുവർഷംവരെ സർവീസിൽ പ്രവേശിച്ചവരെയാണ് ഈ സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly